"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാഡമിക് - എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് നൽകിയിട്ടുള്ള എറണാകുളം ജില്ലയിലെ എടത്തല, കളമശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും, മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെയും അക്കാഡമിക് ചുമതലയിൽ എറണാകുളം സർക്കാർ നഴ്സിംഗ് കോളേജിലെ ബി.എസ്.സി./പോസ്റ്റ് ബേസിക്/എം.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള ക്ലിനിക്കൽ പരിശീലനം കൂടി ഉൾപ്പെടുത്തി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ആരോഗ്യവും കുടുംബക്ഷേമവും (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.150/2025/H&FWD തീയതി,തിരുവനന്തപുരം, 21-01-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.3236/2017/ആ.കു.വ. തീയതി 15.11.2017
2. സ.ഉ. (സാധാ) നം.2975/2019/ആ.കു.വ. തീയതി 10.12.2019
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 22.12.2024 തീയതിയിലെ ബി6/7585/2024/മെ.വി.വ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ പരിശീലനം നൽകുന്നതിനായി ആരോഗ്യ വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ലയിലെ എടത്തല, കളമശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും, മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെയും അക്കാഡമിക് ചുമതല എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി . പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ എറണാകുളം സർക്കാർ നഴ്സിംഗ് കോളേജിലെ ബി.എസ്.സി./പോസ്റ്റ് ബേസിക്/എം.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് കൂടി ക്ലിനിക്കൽ പരിശീലനം നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് നൽകിയിട്ടുള്ള എറണാകുളം ജില്ലയിലെ എടത്തല, കളമശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും, മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെയും അക്കാഡമിക് ചുമതലയിൽ എറണാകുളം സർക്കാർ നഴ്സിംഗ് കോളേജിലെ ബി.എസ്.സി./പോസ്റ്റ് ബേസിക്/എം.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള ക്ലിനിക്കൽ പരിശീലനം കൂടി ഉൾപ്പെടുത്തി പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു .

3) മേൽ പ്രകാരമുള്ള ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SALINI O G

ഡെപ്യൂട്ടി സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ആഡിറ്റ്) ,തിരുവനന്തപുരം

പ്രിൻസിപ്പൽ,സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം

ജില്ലാ മെഡിക്കൽ ഓഫീസർ ,എറണാകുളം

മെഡിക്കൽ ഓഫീസർ ,എടത്തല/കളമശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം

മെഡിക്കൽ ഓഫീസർ,മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രം ,എറണാകുളം

വെബ് & ന്യൂ മീഡിയ .ഐ & പി ആർ ഡി ,സെക്രട്ടേറിയറ്റ് ,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (S3/14/2025/Health)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
Date: 21-01-2025 10:43:04

സെക്ഷൻ ഓഫീസർ